വയനാടിനൊപ്പം മജ്‌ലിസ്: രണ്ടാം സ്നേഹ വീടിന്റെ ശിലാസ്ഥാപനം നടത്തി

പടിഞ്ഞാറത്ത: മുണ്ടക്കൈ ചൂരൽമല ദുരിതബാധിതർക്ക് മജ്‌ലിസ് സ്ഥാപനങ്ങൾ NSS യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമിച്ചു നൽകുന്ന രണ്ടാമത്തെ വീടിന്റെ ശിലാസ്ഥാപനം മജ്‌ലിസ് സ്ഥാപനങ്ങളുടെ പ്രസിഡന്റ് ജനാബ് KSA തങ്ങൾ നിർവഹിച്ചു. പടിഞ്ഞാറത്ത പഞ്ചായത്തിലെ മുണ്ടക്കുറ്റിയിൽ ആയിഷ പുളിക്കൽ എന്നവർ സംഭാവന നൽകിയ സ്ഥലത്താണ് പുത്തുമല സ്വദേശിനി പൂളക്കൽ മുബഷിറ എന്നവർക്കുള്ള വീട് നിർമാണം ആരംഭിച്ചത്. മലപ്പുറം വളാഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന മജ്‌ലിസ് സ്ഥാപനങ്ങളുടെ NSS യൂണിറ്റുകളുടെ നേതൃത്വത്തിലാണ് വീട്നിർമാണം നടക്കുന്നത്. വിദ്യാഭ്യാസ രംഗത്തെ പ്രവർത്തങ്ങൾക്ക് പുറമെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണ് മജ്‌ലിസ് കോളേജിന്റെ NSS യൂണിറ്റുകൾ.കഴിഞ്ഞ വർഷമാണ് മേപ്പാടി സ്വദേശി സിദ്രത്തുൽ മുൻതഹ എന്ന അഞ്ചു വയസ്സുകരിക്ക് വയനാട് ദുരന്തത്തിൽ പെട്ടവർക്കുള്ള ആദ്യ വീട് മജ്‌ലിസ് സ്ഥാപനങ്ങൾ നിർമിച്ചു നൽകിയത്.
വയനാട് മുസ്ലിം ലീഗ് പ്രസിഡന്റ് ജനാബ് കെ കെ അഹമ്മദ് ഹാജി അധ്യക്ഷത വഹിച്ച ചടങ്ങിന് ജനറൽ സെക്രട്ടറി ടി മുഹമ്മദ് സ്വാഗതം പറഞ്ഞു. മജ്‌ലിസ് മാനേജ്മെന്റ്കമ്മറ്റി അംഗം മൊയ്തു എടയൂർ, പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ കെ അസ്മ, വൈസ് പ്രസിഡന്റ് ശ്രീ ജോസഫ് പുല്ലുമാരി, വാർഡ് മെമ്പർ നജ്മ , മുസ്ലിം ലീഗ്  ജില്ലാ സെക്രട്ടറി ശ്രീ കെ ഹാരിസ്, മജ്‌ലിസ് കോളേജ് NSS പ്രോഗ്രാം ഓഫീസർമാരായ ശ്രീ നബീൽ,  സുനേഷ് പാറയിൽ , ഹുസ്ന ഒളകര, മണ്ഡലം സെക്രട്ടറി CE ഹാരിസ്, ജനറൽ സെക്രട്ടറി NP ശംസുദ്ധീൻ, KT കുഞ്ഞബ്ദുള്ള,  റിയാസ് പി കെ , സൂപ്പി KC തുടങ്ങിയവർ സംസാരിച്ചു. മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി ശ്രീ പി പി അയൂബ് നന്ദി പറഞ്ഞു.

